

# വിഭൂതി

വലിയനോമ്പിലേക്ക് നാമിന്നു പ്രവേശിക്കുകയാണല്ലോ. ഇനിയുള്ള അമ്പതു ദിവസങ്ങൾ അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും ദിനങ്ങളാണ്. അതിന്റെ സൂചനയെന്നോണം നമ്മുടെ ശിരസ്സിൽ പുരോഹിതൻ ഭസ്മം പൂശുന്നു. ഈ ഭസ്മം ഉണ്ടാക്കുന്നത് കഴിഞ്ഞവർഷത്തെ ഓശാനഞായറാഴ്ച വെഞ്ചിരിച്ച കുരുത്തോല കൊണ്ടാണെന്ന കാര്യം ശ്രദ്ധേയമാണ്. വിഭൂതി ദിനത്തിൽ ശിരസ്സിൽ ഭസ്മം പൂശുന്നത് രണ്ട് കാര്യങ്ങൾ നമ്മെ അനുസ്മരിപ്പിക്കുന്നു. ഒന്നാമതായി, മനുഷ്യൻ മണ്ണാകുന്നുവെന്നും മണ്ണിലേക്കുതന്നെ മടങ്ങുമെന്ന സത്യം (ഉത്പ 3: 19). രണ്ടാമതായി, മനുഷ്യന് ഭൗമികജീവിതത്തിൽ അനുതാപവും പ്രായശ്ചിത്തവും ആവശ്യമുണ്ടെന്ന യാഥാർത്ഥ്യം. ഈ രണ്ടു യാഥാർഥ്യങ്ങളും തിരിച്ചറിഞ്ഞ് ദൈവോന്മുഖരായി ജീവിക്കുവാൻ വിഭൂതി ദിനത്തിലെ തിരുക്കർമ്മങ്ങൾ നമ്മെ ആഹ്വാനം ചെയ്യുന്നു.

ആരാധനക്രമകമ്മീഷൻ
മൗണ്ട് സെന്റ് തോമസ്,കാക്കനാട്